**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം - സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിന്റെ കിഴക്കൻ മലയോരപ്രദേശമായ ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ളപദ്ധതി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടു ഘട്ടങ്ങളായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം എൻ.ആർ.ഡി.ഡബ്ല്യു.പി-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പദ്ധതിയുടെ ജലശുദ്ധീകരണശാല, കിണറും പമ്പ്ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ, പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. രണ്ടാംഘട്ട പ്രവൃത്തികൾക്കായി 16 കോടി രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി നൽകിയിരുന്നു. ഇതിൽ റാവാട്ടർ പമ്പ് ചെയ്യുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണം, പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണം, ടി ജലസംഭരണികളിലേയ്ക്ക് ജലശുദ്ധീകരണശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി. മീ. ദൈർഘ്യത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ടു പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ജലസംഭരണിയുടെ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാമത്തെ പാക്കേജിലെ 71% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്ന രണ്ടാമത്തെ പാക്കേജിൽ 73% പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയുടെ മൂന്നാം ഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിട്ടുണ്ട്. ആലുംകുഴിയിൽ 5.3 ലക്ഷം ലിറ്റർ, കുപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരു പഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും, കുടിവെള്ള കണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു. ഇതിൽ കൈതക്കാട്, കുപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിലെ ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 144 കി.മീ. ജലവിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായി തിരിച്ച് ഏതാണ്ട് 95 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ജലജീവൻ മിഷനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ കൂടി പൂർത്തിയാകുന്നതോടെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തിക്കാനാവും. |
| (ബി) | ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്നും എത്ര തുകയാണ് പദ്ധതിക്കു വേണ്ടി ചെലവഴിക്കുന്നതെന്നും വിശദീകരിക്കാമോ; | (ബി) | ജലജീവൻ മിഷനിലുൾപ്പെടുത്തി ആനാട് പഞ്ചായത്തിൽ 7814 കുടുംബങ്ങൾക്കും, നന്ദിയോട് പഞ്ചായത്തിൽ 3826 കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്ക് എൻ.ആർ.ഡി.ഡബ്ല്യു.പി-യിലൂടെ 15 കോടി രൂപയുടെയും, സ്റ്റേറ്റ് പ്ലാനിലൂടെ 16 കോടി രൂപയുടെയും, ജലജീവൻ മിഷനിലൂടെ 65.66 കോടി രൂപയുടെയും ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ പ്രധാന ഘടകമായ ജലശുദ്ധീകരണശാലയുൾപ്പെടെയുള്ളവയുടെ നിർമ്മാണം എൻ.ആർ.ഡി.ഡബ്ല്യു.പി പദ്ധതിയിൽ നൽകിയ ഭരണാനുമതി തുകയിൽ പൂർത്തിയാക്കിയിരുന്നു. എന്നാൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് രണ്ടാം ഘട്ട പ്രവൃത്തികളും നടത്തേണ്ടതുണ്ടായിരുന്നു. എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതികൾക്കുള്ള ഫണ്ട് നിലച്ചതിനാൽ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തിയാണ് രണ്ടാം ഘട്ട പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയത്. രണ്ടാം ഘട്ട പ്രവൃത്തികൾ പുരോഗമിക്കവെ കോവിഡ് മഹാമാരിയുടെ കടന്നു വരവും അതിനെത്തുടർന്നുള്ള നിയന്ത്രണങ്ങളും പദ്ധതിയുടെ പുരോഗതിയെ |

| | | | |
|---|---|---|---|
| | | | സാരമായി ബാധിച്ചു. തുടർന്ന് സ്റ്റേറ്റ് പ്ലാൻ പദ്ധതികൾക്കുള്ള ഫണ്ട് ലഭ്യമാകാൻ കാലതാമസമുണ്ടായതു കാരണം കരാറുകാരൻ ചെയ്ത പ്രവൃത്തിയ്ക്കുള്ള തുക ലഭ്യമാകുവാൻ കാലതാമസമുണ്ടാകുകയും, കരാറുകാരൻ പ്രവൃത്തികൾ നിർത്തിവയ്ക്കുന്ന സാഹചര്യവുമുണ്ടാവുകയും ചെയ്തു. ഇതെല്ലാം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമായിട്ടുണ്ട്. നിലവിൽ പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. 2023 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ